# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 19.06.2026**

## പ്രധാനവാർത്തകൾ

1. പുതുയുഗ കേരളം ലക്ഷ്യമിട്ട് വി.ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ്. തുറമുഖവികസനത്തിനും ആരോഗ്യപരിരക്ഷയ്ക്കും വയോജന ക്ഷേമത്തിനും ഊന്നൽ. കാർഷിക മേഖലയ്ക്ക് മതിയായ പരിഗണന ലഭിച്ചില്ലെന്ന് പ്രതിപക്ഷം.
2. ലോക മാരിടൈം ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം രേഖപ്പെടുത്താൻ 'മിഷൻ സമുദ്ര' സമഗ്രപദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ ഏകീകൃത സാമ്പത്തിക മേഖലയായി സംയോജിപ്പിക്കുന്ന 'സതേൺ കേരളാ ഇക്കണോമിക് കോറിഡോർ' ആരംഭിക്കും.
3. ആരോഗ്യ മേഖലയക്ക് 2,074 കോടി രൂപ ബജറ്റിൽ വകയിരുത്തി. തിരുവനന്തപുരത്തും ഹരിപ്പാടും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കും. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ ആരോഗ്യ പരിരക്ഷ നൽകുന്ന പദ്ധതിയും പ്രഖ്യാപിച്ചു.
4. പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.
5. വായനയാണ് വികസനം' എന്ന പ്രമേയവുമായി ഇന്ന് വായന ദിനം. ഒരു മാസത്തെ ദേശീയ വായന മഹോത്സവത്തിനും തുടക്കമാകും.
6. ഫിഫ ലോകകപ്പിൽ നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത നേടുന്ന ആദ്യ രാജ്യമായി മെക്സിക്കോ.

RNU TVPM

**ബജറ്റ് ജനറൽ**

ആരോഗ്യപരിരക്ഷയ്ക്കും വയോജന ക്ഷേമത്തിനും ഊന്നൽ നൽകി വി.ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ്. സംസ്ഥാനത്തിൻറെ അടുത്ത അഞ്ചു വർഷത്തെ ദിശാ സൂചികയാണ് ഈ ബജറ്റെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷം സൃഷ്ടിച്ച പ്രതിസന്ധിയും ധവളപത്രത്തിലെ കണക്കുകളും ഉദ്ധരിച്ച് കൊണ്ടാണ് മുഖ്യമന്ത്രി ബജറ്റ് അവതരിപ്പിച്ചത്. കിഫ്ബിയുടെ പ്രവർത്തനം സമഗ്രമായി പരിഷ്കരിക്കും. ഇതിനായി വിദഗ്ധസമിതി രൂപീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഭൂമിയുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ ലാൻഡ് മാനേജ്മെന്റ് നയം സർക്കാർ രൂപീകരിക്കും. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ വലിയ തോതിലുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഗ്രീൻ ഹൈഡ്രജൻ ഹബ്ബായി കേരളത്തെ മാറ്റും. സംസ്ഥാനത്തിൻറെ തനത് ഉത്പന്നങ്ങളുടെ ബ്രാൻഡിംഗും ഉറപ്പാക്കാൻ 'ബ്രാൻഡ് കേരളം' ആരംഭിക്കും. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**ബജറ്റ് - അടിസ്ഥാന സൗകര്യം (ഇൻട്രോ)**

കേരളത്തെ തുറമുഖ നഗരമാക്കി വികസിപ്പിക്കുന്നതിനുള്ള കാഴ്ചപ്പാടും പദ്ധതിനിർദ്ദേശങ്ങളുമാണ് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചത്.

**വിശദാംശങ്ങളിലേക്ക്.......**

**(വോയ്സ്)**

കേരളത്തിന്റെ സ്ഥാനം ലോക മാരിടൈം ഭൂപടത്തിൽ രേഖപ്പെടുത്താനുള്ള സമഗ്രപദ്ധതിയെന്നാണ് 'മിഷൻ സമുദ്ര'യെ ബജറ്റിൽ വിശേഷിപ്പിക്കുന്നത്. റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ, ഗ്രീൻഫീൽഡ് സിറ്റി, എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ്വ്യവസ്ഥയിലേക്ക് സംസ്ഥാനം മാറുമെന്ന് മുഖ്യമന്ത്രി വി ഡി

PNU TVPM

സതീശൻ പറഞ്ഞു. ഇതേത്തുടർന്നുള്ള തൊഴിലവസരങ്ങളിൽ തീരപ്രദേശ ജനതയ്ക്ക് സംവരണം ഉറപ്പാക്കും. സമുദ്രയാത്രാ ചരിത്രം, കപ്പൽ നിർമ്മാണ പാരമ്പര്യം, വാണിജ്യപൈതൃകം, തീരദേശ ജീവിത സംസ്കാരം എന്നിവയെ ഒരുമിപ്പിക്കുന്ന അന്തർദേശീയ മാരിടൈം മ്യൂസിയം സ്ഥാപിക്കും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ തന്ത്രപരമായ ദേശീയ പ്രാധാന്യമുള്ള ഏകീകൃത സാമ്പത്തിക മേഖലയായി സംയോജിപ്പിച്ച് 'സതേൺ കേരളാ ഇക്കണോമിക് കോറിഡോർ' സൃഷ്ടിക്കും. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് കേരളത്തെ ദക്ഷിണേന്ത്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. നിക്ഷേപകർക്ക് ഭൂമി, നിയമപരമായ അനുമതികൾ, നിക്ഷേപാനന്തര പിന്തുണ എന്നിവ ഉറപ്പുവരുത്തുന്ന ഏകജാലക സംവിധാനമായി ഇൻവെസ്റ്റ് കേരളം സെൽ രൂപീകരിക്കും. ലോകോത്തര അടിസ്ഥാന സൗകര്യങ്ങളോടെ ആസൂത്രിതമായ സാമ്പത്തിക മേഖല നിക്ഷേപകർക്ക് ഉറപ്പ് നൽകുന്ന സ്പെഷൽ ഇൻവെസ്റ്റ്മെന്റ് സോൺ നടപ്പാക്കുമെന്നും മുഖ്യമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു.

**ന്യൂസ് ഡെസ്ക്, ആകാശവാണി.....**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

<u>ബജറ്റ് - ആരോഗ്യം (ഇൻട്രോ)</u>

ആരോഗ്യ മേഖലക്കായി ബജറ്റിൽ 2074 കോടി രൂപ വകയിരുത്തി. തിരുവനന്തപുരത്തും ഹരിപ്പാടും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കും. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ ആരോഗ്യ പരിരക്ഷ നൽകുന്ന ഉമ്മൻചാണ്ടി ഇൻഷുറൻസ് പദ്ധതിക്കായി ബജറ്റിൽ 10 കോടി രൂപ വകയിരുത്തി. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിലെ കുടിശ്ശിക ഘട്ടം ഘട്ടമായി തീർത്ത് പദ്ധതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തും. ഗുരുതര രോഗം ബാധിച്ചവർക്കും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവർക്കും തുടർ വിദ്യാഭ്യാസത്തിന് പണമില്ലാത്തവർക്കും

RNU TVPM

സഹായം നേരിട്ട് എത്തിക്കുന്നതിനുള്ള പ്ലാറ്റ്ഫോമായി 'വൺ കേരള കരുതൽ മിഷൻ' സ്ഥാപിക്കും. വാർധക്യസഹജമായ ബുദ്ധിമുട്ടുകൾ വൈകല്യങ്ങൾ, വിട്ടുമാറാത്ത രോഗങ്ങൾ എന്നിവ നേരിടുന്നവരെ സഹായിക്കുന്നതിന് തൊഴിലധിഷ്ഠിത പരിശീലനം നല്കാൻ അന്താരാഷ്ട്ര നിലവാരമുള്ള കെയർ ഗിവർ സെർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു.

(വോയിസ് )

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

ബജറ്റ് - കൃഷി

കൃഷി, കാർഷിക അനുബന്ധ മേഖലകൾക്കായി 1,534.98 കോടി രൂപ വകയിരുത്തി. റബ്ബറിൻറെ താങ്ങുവില 200 രൂപയിൽ നിന്ന് 250 രൂപയായി ഉയർത്തി. കാർഷിക കടാശ്വാസ കമ്മീഷൻറെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. ഫലം, പുഷ്പ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കും. വനിതകൾക്കായി കൃഷി സഖി പദ്ധതി തുടങ്ങും. മത്സ്യത്തൊഴിലാളികൾക്കായുള്ള മണ്ണെണ്ണ സബ്സിഡി 75 രൂപയാക്കും. മുതലപൊഴി ഹാർബറിൻറെ അശാസ്ത്രീയ നിർമാണം പരിഹരിക്കാൻ നടപടി സ്വീകരിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

ബജറ്റ് -വിദ്യാഭ്യാസം (ഇൻട്രോ)

കേരളത്തിലെ ഉന്നത വിദ്യഭ്യാസ മേഖലയിൽ ഉൾപ്പെടെ സമഗ്രമാറ്റം കൊണ്ടുവരാനുള്ള പദ്ധതികളെ കുറിച്ചും ബജറ്റിൽ പ്രഖ്യാപനമുണ്ട്. മാറുന്ന തൊഴിൽ മേഖലയ്ക്ക് അനുസൃതമായി യുവജനങ്ങളെ സജ്ജമാക്കുന്ന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

(ഒരു റിപ്പോർട്ട്......)

സംസ്ഥാനത്തെ ലോകോത്തര ഉന്നതവിദ്യാഭാസ കേന്ദ്രമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ കേരള നോളജ് വാലി പദ്ധതി നടപ്പാക്കും. വിദ്യാർഥികൾക്ക് കേരളത്തിൽ തന്നെ അവസരങ്ങൾ കണ്ടെത്താൻ വഴിയൊരുക്കുന്ന ഈ പദ്ധതിക്കായി 100 കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചു. എല്ലാ പെൺകുട്ടികൾക്കും സാനിറ്ററി

RNU TVPM

നാപ്കിൻ ഉറപ്പ് വരുത്തും. ക്യാംപസുകളെ ഗേൾസ് ഫ്രണ്ട്ലി ആക്കും. വയനാട് ട്രൈബൽ സർവകലാശാലയ്ക്ക് 50 കോടിയും, ഐഐടി മാതൃകയിൽ റിസർച്ച് പാർക്കിന് 60 കോടിയും നീക്കിവച്ചു. കേരള സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് പ്ലാനിങ് സ്ഥാപിക്കാൻ 2 കോടി രൂപ വകയിരുത്തി. മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലയെ കുറിച്ച് പഠിച്ച് കേരളത്തിലെ യുവജനങ്ങളെ സജ്ജരാക്കാൻ "ഗ്ലോബൽ ജോബ് വാച്ച് ടവർ" ആരംഭിക്കും. ബഹിരാകാശ മേഖലയിയിൽ തൊഴിലവസരം സൃഷ്ടിക്കാൻ സാറ്റലൈറ്റ് ടെക്നോളജിക്ക് ഊന്നൽ നൽകിയുള്ള ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങാനും ബജറ്റിൽ പ്രഖ്യാപനമുണ്ട്.
**ന്യൂസ് ഡെസ്ക് ആകാശവാണി...........**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

ബജറ്റ്

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കും. കെ എസ് ആർ ടി സി ബസുകളിൽ സ്ത്രീകളുടെ സൗജന്യ യാത്രയ്ക്ക് 600 കോടി രൂപ വകയിരുത്തി. കോഴിക്കാട് വിലങ്ങാട് വികസനത്തിന് പ്രത്യേക പാക്കേജ് ബജറ്റിൽ പ്രഖ്യാപിച്ചു. ഇതിനായി 5 കോടി രൂപ വകയിരുത്തി. എൻഡോസൽഫാൻ ദുരിത ബാധിതരെ സർക്കാർ ഏറ്റെടുക്കും. ഗ്രാമസഭകൾ ഓൺലൈൻ ആക്കും. തദ്ദേശ സ്ഥാപനങ്ങൾക്ക് ഖര മാലിന്യ സാംസ്കരണത്തിന് 160 കോടി വകയിരുത്തി. കോഴിക്കോട് സൈബർ പാർക്കിനെ തിരുവനന്തപുരം ടെക്നോപാർക്കിന്റെയും കൊച്ചി ഇൻഫോപാർക്കിന്റെയും നിലവാരത്തിലേക്ക് ഉയർത്തും.
സർക്കാർ ജീവനക്കാരുടെ ഡി എ /ഡി ആർ മുടക്കമില്ലാതെ നൽകും. മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി പരിഷ്കരിക്കും. 2050 ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി മാറ്റുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

ബജറ്റ് - കായികം - സിനിമ

ലോകോത്തര നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയം മലബാറിൽ ആരംഭിക്കും. ഇതിനായി 50 കോടി രൂപ ബജറ്റിൽ വകയിരുത്തി.

RNU TVPM

മികച്ച നിലവാരമുള്ള ഫുട്ബോൾ പരിശീലനവും ഇവിടെ ലഭ്യമാക്കും. ജെ സി ഡാനിയൽ ഫിലിം സിറ്റി - **ചിത്ര നഗരം** കൊച്ചിയിൽ സ്ഥാപിക്കുന്നത് 100 കോടി രൂപ പ്രഖ്യാപിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ബജറ്റ് - ഭിന്നശേഷി

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സ്നേഹസ്പർശം, താലോലം, ക്യാൻസർ സുരക്ഷ, സ്നേഹ സാന്ത്വനം, പകൽവീട്, വയോമിത്രം, ആശ്വാസകിരണം, സുകൃതം അടക്കമുള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കും. ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് ഗുണമേന്മയുള്ള ഇൻസുലിൻ നൽകാൻ നടപടി സ്വീകരിക്കും. 'പുതുതലമുറ ലഹരി വസ്തുക്കൾ' ഉൾപ്പടെ എല്ലാത്തരം ലഹരി വസ്തുക്കളും തിരിച്ചറിയാനാകുന്ന വിധത്തിലുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കും. ഓപ്പറേഷൻ തൂഫാൻ വ്യാപിപ്പിക്കും. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളോട് സീറോ ടോളറൻസ് നിലപാട് സ്വീകരിക്കും. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ 'മകൾക്കൊപ്പം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കും.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വിലകുറയും

സംസ്ഥാന ബജറ്റിൽ ഇലക്ട്രിക് വാഹനങ്ങളുടെ നികുതി ഘടനയിൽ മാറ്റം വരുന്ന പ്രഖ്യാപനവും. 10 ലക്ഷം രൂപ വരെ വിലയുള്ള ഇലക്ട്രിക് വാഹനങ്ങളുടെ റോഡ് നികുതി 5 ശതമാനത്തിൽ നിന്ന് മൂന്ന് ശതമാനമായി കുറച്ചു. 15 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെയുള്ളവയ്ക്ക് അഞ്ച് ശതമാനമാണ് നികുതി. 40 ലക്ഷത്തിന് മുകളിലുള്ള ഇലക്ട്രിക് വാഹനങ്ങളുടെ റോഡ് നികുതി 15 ശതമാനമായി വർദ്ധിപ്പിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ബജറ്റ് - എസ്റ്റിമേറ്റ്

ഒരു ലക്ഷത്തി 69, 646.37 കോടി രൂപയാണ് ബജറ്റിലെ റവന്യൂ വരവ്. റവന്യൂ ചെലവ് - രണ്ട് ലക്ഷത്തി 5001.67 കോടി

റവന്യൂകമ്മി- 35,355.30 കോടി മൂലധന ചെലവ്- 19,651.41 കോടി പൊതുകടം - 52,364.13 കോടി

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ബജറ്റ് - കൺക്ലൂഷൻ

ഗവേണൻസ് വിത്ത് എംപതി കാഴ്ചവച്ച് പുതുയുഗ വികസിത കേരളം ഒരുമിച്ച് സൃഷ്ടിക്കാമെന്ന് പ്രത്യാശ പ്രകടിപ്പിച്ച് കൊണ്ടാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ തൻറെ കന്നി ബജറ്റ് അവതരണം അവസാനിപ്പിച്ചത്. യുഡിഎഫ് സർക്കാരിൻറെ പുതുക്കിയ ബജറ്റ് അവതരണത്തിന് ശേഷം നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ബജറ്റ് - പ്രതിപക്ഷം (ഇൻട്രോ)

കേരളം സാമ്പത്തിക പ്രതിസന്ധിയിൽ ആണെന്നാണ് ബജറ്റിലൂടെ മുഖ്യമന്ത്രി പറയാൻ ശ്രമിച്ചതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. ആഘാതം നേരിടുന്ന കാർഷിക മേഖലയ്ക്ക് ഒരു ആശ്വാസ നടപടിയും ഇത്തവണത്തെ ബജറ്റിൽ ഇല്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയ്സ്)

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## MT രമേശ്

വരുമാനമാർഗ്ഗങ്ങളെക്കുറിച്ച് പരാമർശിക്കാത്ത സംസ്ഥാന ബജറ്റ്, ജനങ്ങൾക്ക് മോഹങ്ങൾമാത്രം നൽകുന്നതായി അവശേഷിക്കുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. ചെലവ് ചുരുക്കലിനും, വരുമാനം വർദ്ധിപ്പിക്കാനും മുൻഗണന നൽകുമെന്ന് അറിയിച്ച മുഖ്യമന്ത്രി, ബജറ്റിൽ അതിനുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വികസിത് ഭാരത് റോസ്ഗാർ യോജന

പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. വൈകിട്ട് ഓൺലൈനായി ആണ് പരിപാടി നടക്കുന്നത്. ഇതോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും EPFO യുടെ ആഭിമുഖ്യത്തിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## യോഗ

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ മറ്റെന്നാൾ നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം. യോഗ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച ആരോഗ്യമന്ത്രി കെ മുരളീധരൻ നിർവഹിക്കും.

RNUTVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## സെൻസസ് 2027 (ഇൻട്രോ)

കേരളത്തിൽ സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു.

**വിശദാംശങ്ങളിലേക്ക്....**

**(വോയ്സ്)**

ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം. ഹിന്ദി, ഇംഗ്ലീഷ് കൂടാതെ പതിനാല് ഇന്ത്യൻ ഭാഷകളിൽ ഈ സൗകര്യം ലഭ്യമാണ് . പോർട്ടലിൽ നൽകുന്ന വിവരങ്ങൾ എല്ലാം തന്നെ സുരക്ഷിതമായിരിക്കും . വിവരങ്ങൾ സമർപ്പിച്ചുകഴിയുമ്പോൾ ഒരു എസ് ഇ ഐഡി ലഭിക്കും .

പോർട്ടലിൽ നൽകിയ വസ്തുതകൾ ഉറപ്പാക്കാൻ എന്യുമറേറ്റർ വീട്ടിലെത്തുമ്പോൾ ഈ ഐ ഡി നിർബന്ധമായും കാണിക്കണം . ഐ ഡി മറന്നുപോയാൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ച് വീണ്ടെടുക്കാം . വീടിന്റെ പ്രമാണരേഖകൾ സമർപ്പിക്കേണ്ടതില്ല.

**ന്യൂസ് ഡെസ്ക് ആകാശവാണി...**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വായനദിനം

ഇന്ന് വായനദിനം. 'വായനയാണ് വികസനം' എന്നതാണ് ഈ വർഷത്തെ പ്രമേയം. ദേശീയ വായന മഹോത്സവത്തിനും ഒരു മാസം നീളുന്ന വായനാഘോഷങ്ങൾക്കും ഇന്ന് തുടക്കമാകും. പി എൻ പണിക്കർ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിക്കും.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 781 പോയിന്റ് താഴ്ന്ന് 76,629 ലും നിഫ്റ്റി 208 പോയിന്റ് നഷ്ടത്തിൽ 23,957 ലും വ്യാപാരം തുടരുന്നു . സ്വർണ്ണ വില കുറഞ്ഞു . പവന് 2,680 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 6,960 രൂപയും ഗ്രാമിന് 13,370 രൂപയുമാണ് ഇന്നത്തെ വില .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഫിഫ

ഫിഫ ലോകകപ്പിൽ നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത നേടുന്ന ആദ്യ രാജ്യമായി മെക്സിക്കോ .ദക്ഷിണ കൊറിയയെ 1-0 ത്തിന് തകർത്താണ് ഈ നേട്ടം സ്വന്തമാക്കിയത് . മെക്സിക്കോയിലെ ഗ്വാഡലജാര സ്റ്റേഡിയത്തിൽ നടന്ന ആവേശപ്പോരാട്ടത്തിന്റെ ആദ്യ പകുതി ഇരുടീമുകളും ഗോൾരഹിതമായി പിരിഞ്ഞു. തുടർന്ന് അമ്പതാം മിനിറ്റിലാണ് മെക്സിക്കോയുടെ വിജയഗോൾ പിറന്നത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## സി എം ആർ എൽ

സി എം ആർ എൽ - എക്സാലോജിക് കേസിൽ തിരുവനന്തപുരത്ത് ഇ ഡി പരിശോധന. മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ ടി.വീണയുടെ ലോക്കർ തുറന്ന് ഇ ഡി ഉദ്യോഗസ്ഥർ പരിശോധന നടത്തി. ആയുർവേദ കോളേജ് ജംഗ്ഷനിലെ HDFC ബാങ്ക് ശാഖയിലാണ് പരിശോധന.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ടി. തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും പ്രമുഖ വെറ്ററിനറി ഫാർമക്കോളജിസ്റ്റ് ഡോ. പുണ്യമൂർത്തി നടേശന് പത്മശ്രീയും സമ്മാനിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## അഷ്ടലക്ഷ്മി

കഴിഞ്ഞ 12 വർഷത്തിനിടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അഭൂതപൂർവമായ വികസനമാണ് ഉണ്ടായത്. 'അഷ്ടലക്ഷ്മി' എന്നറിയപ്പെടുന്ന എട്ട് സംസ്ഥാനങ്ങളെ ദേശീയ മുഖ്യധാരയുമായി ബന്ധിപ്പിക്കുന്നതിൽ വലിയ പുരോഗതി കൈവരിച്ച്. 'പ്രധാനമന്ത്രി ഗ്രാം സഡക് യോജന' പ്രകാരം 47,270 കോടി രൂപ ചിലവഴിച്ച് 46,290 കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു. ഗ്രീൻഫീൽഡ് വിമാനത്താവളങ്ങളുടെ എണ്ണം 17 ആയി ഉയർന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## സുരേഷ് ഗോപി

കേന്ദ്ര സർക്കാരിന്റെ 12 വർഷത്തെ വികസന നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂരിൽ സംഘടിപ്പിച്ച 'നവഭാരത സദസ്സും വികസിത ഭാരത കൺവെൻഷനും' കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ജനങ്ങളുടെ ക്ഷേമവും സുസ്ഥിര വികസനവും

ലക്ഷ്യമിട്ടുള്ള ഭരണമാണ് കഴിഞ്ഞ 12 വർഷമായി നടപ്പിലാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കീർത്തി വർധൻ സിംഗ്

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നാല് ദിവസത്തെ സന്ദർശനത്തിനായി ലക്ഷദ്വീപിൽ എത്തി. അഗത്തി വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ കളക്ടർ ശിവം ചന്ദ്ര, ഡപ്യൂട്ടി കലക്ടർ മൻദീപ് കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. കേന്ദ്ര സർക്കാരിൻറെ വിവിധ പ്രചാരണ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## രാഹുൽ ഗാന്ധിക്ക് ജന്മദിനാശംസകൾ

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് ജന്മദിനാശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഹുൽ ഗാന്ധിക്ക് ആരോഗ്യവും ദീർഘായുസ്സും നേരുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ പങ്കുവെച്ച സന്ദേശത്തിൽ വ്യക്തമാക്കി. ലോകസഭാ സ്പീക്കർ ഓം ബിർളയും രാഹുൽ ഗാന്ധിക്ക് ജന്മദിനാശംസകൾ നേർന്നു.

RNUTVPM